"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - കാസർഗോഡ് ജില്ലാ ഫോറം സ്റ്റോറിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി കണ്ണൂർ ജില്ലാ ഫോറം ഓഫീസറെ **2058-00-103-99-00** എന്ന ശീർഷകത്തിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നം.8051/2026/FIN തീയതി,തിരുവനന്തപുരം, 22-10-2026

പരാമർശം:-
1. സ.ഉ.(കൈ)നം.**2/2025/SPD** തീയതി **25.01.2025**
2. അച്ചടി വകുപ്പ് ഡയറക്ടറുടെ **20.07.2026** ലെ **PTGD/719/2026-F1** നമ്പർ കത്ത്

ഉത്തരവ്

അച്ചടി വകുപ്പിൽ നിന്നും ജീവനക്കാരെ ഡിപ്ലോയ് ചെയ്ത് നിയമിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഒരു ജില്ലാ ഫോറം സ്റ്റോർ അനുവദിക്കുന്നതിന് പരാമർശം **1** പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ആയതിനാൽ കാസർഗോഡ് ജില്ലാ ഫോറം സ്റ്റോറിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി കണ്ണൂർ ജില്ലാ ഫോറം ഓഫീസറെ **2058-00-103-99-00** എന്ന ശീർഷകത്തിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ ഫോറം സ്റ്റോറിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി കണ്ണൂർ ജില്ലാ ഫോറം ഓഫീസറെ **2058-00-103-99-00** എന്ന ശീർഷകത്തിൽ നിയമിക്കുന്നതിനും ട്രഷറി ഇടപാടുകൾ കാസർഗോഡ് ജില്ലാ ട്രഷറി വഴി നടത്തുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ)കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

അച്ചടി വകുപ്പ് ഡയറക്ടർ, അച്ചടി വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.

UO(F)No. PPA-C3/57/2026-PPAD കമ്പ്യൂട്ടർ നമ്പർ 3495409

ധനകാര്യ (വിദ്യാ-ബി) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3502999)

ഉത്തരവിൻ പ്രകാരം

Digitally signed by
Anuja Sreedhar
Date: 22-10-2026
17:56:22

സെക്ഷൻ ഓഫീസർ